പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 67</u> <u>11.06.2012 ൽ മറുപടിക്ക്</u>

<u>കപ്പൽ വെടിവെപ്പ് കേസ്സുമായി ബന്ധപ്പെട്ട് ഇറ്റാലിയൻ മന്ത്രി മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ച</u>

<u>ചോദ്യം</u>

ശ്രീ. എം. എ. ബേബി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കെ. നാരായണൻ
,, റ്റി. വി. രാജേഷ്

കപ്പൽ വെടിവെപ്പ് കേസ്സുമായി ബന്ധപ്പെട്ട് ഇറ്റാലിയൻ മന്ത്രി മുഖ്യമന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായോ; മുഖ്യമന്ത്രിയെ കണ്ട സംഘത്തിൽ ആരെല്ലാം ഉണ്ടായിരുന്നു; കൂടിക്കാഴ്ചയിൽ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി?

<u>മറുപടി</u>

ശ്രീ. ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

ചർച്ച നടത്തിയിരുന്നു. ഇറ്റലിയുടെ പ്രതിരോധ മന്ത്രി അഡ്മിറൽ ജിയാംപാലോ ഡിപായോ, വിദേശ കാര്യ സഹമന്ത്രി സ്റ്റഫാൻഡി മിസ്റ്റുറ, അമ്പാസഡർ ജിയോകോമോ സാൻ ഫെലിസ്, ഡിമോൺടേ ഫോർഡ്, നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി ജോർജിയോ മാരാപാഡി, ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ യുഗേ അസ്റ്റ്യൂറ്റോ വിദേശകാര്യ വകുപ്പിൽ നിന്നുമുള്ള നിക്കോലോ മിനാസി എന്നിവരാണ് ഇറ്റലിയുടെ സംഘത്തിലുണ്ടായിരുന്നത്.

മുഖ്യമന്ത്രിയെ കൂടാതെ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും, സംസ്ഥാന പോലീസ് മേധാവിയും ചർച്ചയിൽ പങ്കെടുത്തു. അറസ്റ്റിലായ ഇറ്റാലിയൻ നാവികർ അവരുടെ നാവികസേനാംഗങ്ങളാണെന്നും അർഹമായ പരിഗണന നൽകണമെന്നും ഇറ്റാലിയൻ മന്ത്രി ആവശ്യപ്പെട്ടു. നിയമപ്രകാരം അവകാശപ്പെട്ട എല്ലാ പരിഗണനയും നൽകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. എന്നാൽ നിയമവ്യവസ്ഥയ്ക്ക് വിധേയമായി മാത്രമേ എന്തും ചെയ്യാനാവൂ എന്നും മുഖ്യമന്ത്രി ചർച്ചയിൽ വ്യക്തമാക്കി.

സെക്ഷൻ ഓഫീസർ